## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1523** 03.10.2011 -ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ കേന്ദ്രം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്കായി കാസർ ഗോഡ് ജില്ലയിൽ പുനരധി വാസ കേന്ദ്രം സ്ഥാപിക്കുന്ന തിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയി ക്കാമോ; | (എ) | ജില്ലാ ഭരണകൂടം തയ്യാറാക്കിയ അടിസ്ഥാന സൗകര്യ വികസന പാക്കേജ് അംഗീകാരത്തി നായി നബാർഡിൽ നൽകുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. 81 കോടി രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്. ജില്ലയിൽ 11 പഞ്ചായത്തുകളിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, കുടിവെള്ളം, മൃഗ സംരക്ഷണം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ , വികസിപ്പി ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ തുക ഏതു ഏജൻസി മുഖേന യാണ് കണ്ടെത്തുന്നതെന്നും പ്രോജക്ട് കോസ്റ്റ് എത്ര യാണെന്നും വിശദമാക്കാമോ; | (ബി) | നബാർഡിന്റെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 81 കോടിരൂപയുടെ പദ്ധതി ചെലവിൽ ഗവൺമെന്റ് വിഹിതം 15 കോടിരൂപയാണ്. |
| (സി) | ഇതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; | (സി) & (ഡി) | കരട് നിർദ്ദേശത്തിൽ കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ കേരളയുടെ മൂളിയാർ ഡിവിഷനു കീഴിലുള്ള സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശമുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥലം ബന്ധപ്പെട്ട വകുപ്പിന് വിട്ടു തന്നിട്ടുണ്ടോ; വിശദാംശ ങ്ങൾ അറിയിക്കാമോ? | | |

Seenath

സെക്ഷൻ ഓഫീസർ